തുക വീതം പിരിച്ചു; പ്രസ്തുത വർഷം സെയിൽസ് ടാക്സ് ഇനത്തിൽ എന്തു തുക വീതം പിരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്; അതിൽ 2000-2001 ലെ ആദ്യപാദത്തിലും രണ്ടാം പാദത്തിലും എന്തു തുക വീതം പിരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും പ്രസ്തുത പാദത്തിൽ ഓരോന്നിലും എന്തു തുക വീതം പിരിച്ചു;

(ഡി) 2000-2001-ൽ മൂന്നാം പാദത്തിൽ ഒക്ടോബർ നവംബർ മാസങ്ങളിൽ സെയിൽടാക്സ് ഇനത്തിൽ എന്തു തുക വീതം പിരിച്ചു;

(ഇ) 1995-96 മുതൽ ഓരോ വർഷവും നോൺ ടാക്സ് റവന്യൂ ഇനത്തിൽ എന്തു തുക വീതം പിരിയാനാണ് ലക്ഷ്യമിട്ടിരുന്നത്; എന്തു തുക വീതം പിരിഞ്ഞുകിട്ടി;

(എഫ്) ഈയിനത്തിലുള്ള റവന്യൂ വരവ് കുറയ്ക്കാനുള്ള കാരണം എന്ത്; 2000-2001-ൽ പ്രതീക്ഷിച്ച നോൺ ടാക്സ് റവന്യൂ എത്രയായിരുന്നു; ഇതുവരെ ഈ ഇനത്തിൽ എന്തു തുക പിരിച്ചെടുത്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 2000-2001 മൂന്നാം പാദത്തിൽ ഒക്ടോബർ നവംബർ മാസങ്ങളിൽ സെയിൽടാക്സ് 687.56 കോടി രൂപ പിരിച്ചെടുത്തു.

(ഇ)

വർഷം	ലക്ഷ്യമിട്ട തുക കോടിയിൽ	പിരിഞ്ഞു കിട്ടാനുള്ള തുക
1995-96	372.49	535.49
1996-97	489.40	513.80
1997-98	546.35	552.11
1998-1999	613.76	557.66
1999-2000	771.14	930.71

(എഫ്) വനഭൂമിയിലെ മരം മുറിക്കുന്നത് വിലക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിയന്ത്രണം 1996-97 മുതൽ നിലവിൽ വന്നു. നോൺ ടാക്സ് റവന്യൂ ഇനത്തിൽ ഏറ്റവും വലിയ വരുമാനമാർഗ്ഗമായ ഈ ഇനത്തിൽ സുപ്രീം കോടതിയുടെ നടപടി മൂലം വമ്പിച്ച കുറവ് ഉണ്ടായിട്ടുണ്ട്. ലോട്ടറീസ് തുടങ്ങിയ വരുമാനമേഖലയിലും ഗണ്യമായ കുറവ് വന്നിട്ടുണ്ട്. പൊതുവായ സാമ്പത്തികമാന്ദ്യം മൂലമാണ് ഇപ്രകാരം കുറവുണ്ടായത്. 2000-2001 സാമ്പത്തികവർഷത്തിൽ 830.81 കോടി രൂപ നോൺ ടാക്സ് ഇനത്തിൽ പ്രതീക്ഷിക്കുന്നു. 30.9.2000 വരെ 246.45 കോടി രൂപ പിരിച്ചെടുത്തു.

ലക്ഷ്യമിട്ട നികുതി പിരിവ്

14 (346) ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഇക്കൊല്ലം ലക്ഷ്യമിട്ട നികുതി പിരിവ് എത്ര യാണ്;

(ബി) ഇതുവരെയുള്ള നികുതിപിരിവ് നിരക്കുവച്ച് വർഷാവസാനം ലക്ഷ്യം പൂർത്തിയാക്കുമോ;

(സി) ഇല്ലെങ്കിൽ നികുതി പിരിവ് കുറയ്ക്കുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) നികുതി പിരിവ് ലക്ഷ്യത്തിലെത്തിക്കാൻ എന്തൊക്കെ നടപടി കൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2000-2001 സാമ്പത്തിക വർഷം ലക്ഷ്യമിട്ട നികുതിപിരിവ് (ഡ്യൂട്ടികൾ അടക്കം) 6439.67 കോടി രൂപയാണ്.

(ബി) ലക്ഷ്യം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഡി) നികുതി പിരിവുകൾ ലക്ഷ്യത്തിലെത്തിക്കാൻ ഉന്നതതല അവ ലോകനയോഗങ്ങൾ കൂടുകയും ലക്ഷ്യം കൈവരിക്കുന്നതിന് പിരിവിന്റെ ചുമ തലയുള്ള ഉദ്യോഗസ്ഥർക്ക് കർക്കശ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് കരാറുകാർക്ക് കൊടുത്ത് തീർക്കുവാനുള്ള ബിൽ

15 (347) ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ഖജനാവിൽ എത്ര കോടി രൂപയുടെ മിച്ചമുണ്ടായിരുന്നു;

(ബി) ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ മൊത്തം ഋണ ബാദ്ധ്യത എത്ര കോടി രൂപയാണ്; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് കരാറുകൾക്ക് കൊടുത്ത് തീർക്കുവാനുള്ള ബിൽ കുടിശ്ശിക തുകയായ 1000 കോടി രൂപയും സഹകരണ ബാങ്കുകളിൽ നിന്ന് കടമെടുത്ത 1400 കോടി രൂപയും സംസ്ഥാനത്തെ പ്ലസ്ടു അദ്ധ്യാപകരുടെ ശമ്പ ളയിനത്തിൽ കൊടുക്കേണ്ടിവരുന്ന അധിക ബാദ്ധ്യതയും ഏത് രീതിയിൽ കണ്ടെത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കോടി രൂപയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്; ഇതിൽ കിസ്ത് കുടിശ്ശിക എത്ര രൂപ; കുടിശ്ശികയായ കിസ്ത് തുകയിൽ എത്ര കോടി രൂപ ഇളവ് അനുവദിച്ചു നൽകി, വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ റവന്യൂ കമ്മി എത്ര കോടി രൂപ യാണ്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 192.50 കോടി രൂപയുടെ മിച്ചം.

LIBRARY ARCHIVES Kerala Legislative Assembly